**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 208** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ചുഴലി പ്രാഥമികാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ചെങ്ങളായി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചുഴലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 143 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പി.എച്ച്.സി-യ്ക്ക് ആവശ്യമായ കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ചുഴലി പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 22.10.2020 ലെ സ.ഉ(സാധാ) നം. 1947/2020/ ആ.കു.വ പ്രകാരം ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഈ സ്ഥാപനത്തിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ